**കേരള സർക്കാർ**

നം.47002/ജെ2/14/പൊവിവ

പൊതുവിദ്യാഭ്യാസ (ജെ) വകുപ്പ്
തിരുവനന്തപുരം
തീയതി 26.8.2014.

പ്രേഷിതൻ

സെക്രട്ടറി

സ്വീകർത്താവ്

പൊതുവിദ്യാഭ്യാസഡയറക്ടർ
തിരുവനന്തപുരം

സർ,

വിഷയം:- പൊവിവ - 2014-15 തസ്തിക നിർണ്ണയം - തസ്തിക നഷ്ടം വന്ന അദ്ധ്യാപകരുടെ പുനർവിന്യാസം- സംബന്ധിച്ച്

സൂചന:- 14.8.2014 ലേയും 22.8.2014 ലെയും എച്ച്2/35637/14 നം. കത്ത്

-------

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. 2014-15 വർഷത്തെ അധിക ഡിവിഷൻ തസ്തികകൾക്ക് അർഹതയുള്ള സ്കൂളുകളിൽ പരിശോധന നടത്തുന്നതിനായി കെ.ഇ.ആർ അദ്ധ്യായം തസ്തിക XXIII ചട്ടം 12 ൽ പറയും പ്രകാരം മുൻപ് ഉണ്ടായിരുന്ന ഉന്നതതല പരിശോധനപോലെ വിദ്യാഭ്യാസഉപഡയറക്ടർമാരെയും (ഹൈസ്കൂൾ) ജില്ലാവിദ്യാഭ്യാസഓഫീസർമാരെയും (പ്രൈമറി/അപ്പർപ്രൈമറി സ്കൂളുകൾ) ചുമതലപ്പെടുത്തി പരിശോധന നടത്തി അനുവദിക്കേണ്ടതാണ്. കൂടാതെ സർക്കാർ സ്കൂളുകളിൽ നിലവിലുള്ളതായി പറഞ്ഞിട്ടുള്ള 1561 ഒഴിവുകളിലും അനുവദനീയമായ 1194 അധിക തസ്തികകളിലും നിലവിൽ 1:30/1:35 അനുപാതത്തിൽ സംരക്ഷിച്ചിട്ടുള്ള അദ്ധ്യാപകരെയും അധികമായി വരുന്ന അദ്ധ്യാപകരെയും അതത് വിഭാഗത്തിൽ മാറ്റി നിയമിക്കേണ്ടതാണെന്നും അപ്രകാരം മാറ്റി നിയമിച്ചതിനുശേഷവും ഏതെങ്കിലും വിഭാഗത്തിൽ ഒഴിവുള്ള പക്ഷം പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യാനും നിർദ്ദേശം നൽകുന്നു. അദ്ധ്യാപകരുടെ ഫലപ്രദമായ പുനർവിന്യാസത്തിന് കൂടുതൽ സമയമെടുക്കുമെന്നതിനാൽ നിലവിൽ അദ്ധ്യാപകർ തീരെയില്ലാത്ത സ്കൂളുകളിൽ (വിദൂരസ്ഥലങ്ങളിലും ട്രൈബൽ/അതിർത്തി പ്രദേശങ്ങളിലും അദ്ധ്യാപകരില്ലാത്ത അവസ്ഥ നിലനിൽക്കുന്ന സാഹചര്യത്തിൽ) കുട്ടികളുടെ അദ്ധ്യയനംതടസ്സപ്പെടാതിരിക്കാൻ പുനർവിന്യാസം വഴിയോ പി.എസ്.സി മുഖേനയോ സ്ഥിരം അദ്ധ്യാപകരെ നിയമിക്കുന്നതുവരെ ദിവസവേതനാടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിക്കാൻ അനുമതി നൽകുന്നു. പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിലുള്ള ജില്ലകളിൽ പ്രസ്തുത ലിസ്റ്റിലുള്ളവർക്കായിരിക്കണം ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് മുൻഗണനനൽകേണ്ടത്.

കോർപ്പറേറ്റ് മാനേജ്മെന്റിനുകീഴിലുള്ള അൺഇക്കണോമിക് സ്കൂളുകളിലും ഷിഫ്റ്റ് സമ്പ്രദായം അവസാനിച്ചതുമൂലമുണ്ടാകുന്ന ഒഴിവുകളിലും അധികമാകുന്ന അദ്ധ്യാപകരെ പുനർവിന്യസിക്കാൻ അനുമതി നൽകുന്നു.

കോർപ്പറേറ്റ് മാനേജ്മെന്റിന് കീഴിലുള്ള സ്കൂളുകളിൽ 1:45 അനുപാതപ്രകാരം തസ്തികനിർണ്ണയം നടത്തിയതിനുശേഷം അധികമുള്ള അദ്ധ്യാപകരെ സ്കൂൾ അടിസ്ഥാനത്തിൽ 1:30/1:35 അനുപാതത്തിൽ നിലനിർത്തേണ്ടതാണ്. അദ്ധ്യാപകരുടെ പുനഃക്രമീകരണം നടത്തുമ്പോൾ സീനിയർ അദ്ധ്യാപകരെത്തന്നെയാണ് 1:45 തസ്തികകളിൽ /ഒഴിവുകളിൽ നിലനിർത്തിയിരിക്കുന്നത് എന്നും 1:45/1:35/1:30 അനുപാതത്തിലോ ഹെഡ് ടീച്ചറുടെ ക്ലാസ് ചാർജ് ഒഴിവാക്കിയുള്ള തസ്തികയിലോ ഉൾക്കൊള്ളിക്കാൻ കഴിയാത്ത നിലയിൽ അതത് മാനേജ്മെന്റിന് കീഴിലുള്ള ഓരോ വിഭാഗത്തിലെയും ഏറ്റവും ജൂനിയറായ അദ്ധ്യാപകരായിരിക്കും അദ്ധ്യാപകബാങ്കിൽ ഉൾപ്പെട്ടിരിക്കുന്നതെന്നും ഉറപ്പുവരുത്തിയിരിക്കണം.

2013 – 14 വർഷം പല മാനേജർമാരും 1:30/1:35 അനുപാതത്തിൽ അദ്ധ്യാപകരെ നിയമിച്ചിട്ടുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതുവരെയും കെ.ഇ.ആർ പ്രകാരം 1:45 അനുപാതത്തിൽ മാത്രമേ തസ്തികകൾ അനുവദിക്കുന്നുള്ളുവെന്നതിനാൽ 2014 15 ലെ തസ്തിക നിർണ്ണയത്തിൽ ഇത്തരം അദ്ധ്യാപകർക്ക് നിലനിൽക്കാൻ തസ്തികയുണ്ടായിരിക്കില്ല. ആയതിനാൽ തസ്തികനിർണ്ണയഉത്തരവുപ്രകാരം അനുവദനീയമായ തസ്തികകളിൽ കൂടുതൽ അദ്ധ്യാപകർ സ്കൂളുകളിൽ തുടരുന്ന പക്ഷം അവരെ അടിയന്തിരമായി പിരിച്ചുവിടാൻ മാനേജർക്ക് നിർദ്ദേശം നൽകേണ്ടതും നിർദ്ദേശം പാലിയ്ക്കാത്ത മാനേജർമാർക്കെതിരെ ചട്ടം അനുശാസിക്കുന്ന നടപടികൾ സ്വീകരിക്കേണ്ടതും അനുവദനീയമല്ലാത്ത തസ്തികകളിൽ അംഗീകാരമില്ലാതെ തുടരുന്ന അദ്ധ്യാപകരെ കുട്ടികളെ പഠിപ്പിക്കാൻ ചുമതലപ്പെടുത്തുന്ന ഹെഡ് മാസ്റ്റർമാർക്കെതിരെ അച്ചടക്കനടപടി സ്വീകരിക്കേണ്ടതുമാണ്.

വിശ്വസ്തതയോടെ,

സാജു.എസ്
അണ്ടർസെക്രട്ടറി
സെക്രട്ടറിക്കുവേണ്ടി

അംഗീകാരത്തോടെ

**സെക്ഷൻഓഫീസർ**